"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പദ്ധതി 2024-25 - 'കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ' - എറണാകുളം ജില്ലയിലെ പാലക്കുഴ വില്ലേജ് ഓഫീസിന് നൽകിയ ഭരണാനുമതി മൂവാറ്റുപുഴ വില്ലേജ് ഓഫീസിന് മാറ്റി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1233/2025/RD തീയതി,തിരുവനന്തപുരം, 23-05-2025

---

പരാമർശം:- 1. 24.01.2025 തീയതിയിലെ സ.ഉ (സാധാ) നം.197/2025/റവ നമ്പർ സർക്കാർ ഉത്തരവ്.

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 04.04.2025-ലെ LR/855/ 2025-LR (M2) നമ്പർ കത്ത്.

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷം 'കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് എറണാകുളം ജില്ലയിലെ പാലക്കുഴ വില്ലേജ് ഓഫീസിന് പരാമർശം 1 പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയുണ്ടായി. എന്നാൽ നിലവിൽ മൂവാറ്റുപുഴ താലൂക്കിൽ ഏറ്റവും ശോചനീയാവസ്ഥയിലുള്ള ഓഫീസ് കെട്ടിടം മൂവാറ്റുപുഴ വില്ലേജ് ഓഫീസിന്റേതാണ് എന്നും കെട്ടിടത്തിന്റെ മേൽക്കൂരയിൽ നിന്നും കോൺക്രീറ്റ് പാളികൾ വീണ് ഓഫീസ് ജീവനക്കാർക്കും പൊതുജനങ്ങൾക്കും സുരക്ഷിതമല്ലാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും മൂവാറ്റുപുഴ വില്ലേജ് ഓഫീസ് വാടക കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി ജില്ലാ കളക്ടറേറ്റിൽ നിന്നും ലഭ്യമായിട്ടുള്ളതാണെന്നും, അനുയോജ്യമായ കെട്ടിടം ലഭിക്കുന്ന മുറക്ക് ഓഫീസ് പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് തയ്യാറായികൊണ്ടിരിക്കുകയാണ് എന്നും ആയതിനാൽ പാലക്കുഴ വില്ലേജ് ഓഫീസിന് നൽകിയ ഭരണാനുമതി മൂവാറ്റുപുഴ വില്ലേജിന് മാറ്റി അനുവദിക്കണമെന്ന് എറണാകുളം ജില്ലാ കളക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തിക വർഷം 'കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി എറണാകുളം ജില്ലയിലെ പാലക്കുഴ വില്ലേജ് ഓഫീസിന് നൽകിയ ഭരണാനുമതി മൂവാറ്റുപുഴ വില്ലേജ് ഓഫീസിന് മാറ്റി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PUSHPAVALLY B

അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, എറണാകുളം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
Date: 23-05-2025 13:15:52
സെക്ഷൻ ഓഫീസർ